ദുരന്താനന്തരം
**കേരളം**

**ഈ** നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തം നേരിട്ടതിന്റെ നടുക്കത്തിലാണ് കേരളമിപ്പോഴും. സമാനതകളില്ലാത്ത ദുരന്തം കേരളമാകെ ഒഴുകിപ്പരന്നു. നിർത്താതെ പെയ്ത മഴയും നിറഞ്ഞൊഴുകിയ പുഴകളും തുറന്നുവിട്ട അണക്കെട്ടുകളും അടർന്നുവീണമലകളും കേരളത്തെ ദുരന്തഭൂമിയാക്കി. കാലാവസ്ഥാ വ്യതിയാനത്തിന്റെ കലുഷിതകാലത്ത് പ്രളയവും ഭൂകമ്പവും ചുഴലിക്കാറ്റും അതിവൃഷ്ടിയും വരൾച്ചയും ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലുകളും സുനാമിയുമെല്ലാം ഇനിയുമിനിയും ആവർത്തിക്കുമെന്നു തന്നെയാണ് ഈ ദുരന്തം പറഞ്ഞുവയ്ക്കുന്നത്. ആഗോളതാപനവും നിലനിൽക്കുന്ന വികസന മാതൃകകളും കേരളത്തിന്റെ ഇക്കോളജിയെയും മനുഷ്യജീവിതത്തെയും മാറ്റിമറിച്ചതിന്റെ ദുരനുഭവങ്ങളിലൂടെ നമ്മൾ കടന്നുപോയ സാഹചര്യത്തിൽ ഇനി എന്താണ് ചെയ്യേണ്ടത്? എവിടെയാണ് തുടങ്ങേണ്ടത്? അതിജീ

# ജനാധിപത്യത്തിൽ പുതുവഴി തുറക്കുന്ന കുഴൂരിലെ പ്രളയാനന്തര പരീക്ഷണം

കേരളത്തെ രക്ഷിക്കാൻ ഒത്തുചേർന്നവർ ഇനിയൊരു ദുരന്തത്തിലേക്ക് തിരിച്ചുപോകാൻ ഇടയില്ലാത്തവിധം അതിനെ പുതുക്കിപ്പണിയുന്നതിനും കൂടെ നിൽക്കേണ്ടതുണ്ട്. രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കുചേർന്ന ചില കൂട്ടായ്മകൾ അത്തരം ദീർഘകാല പുനർനിർമ്മാണ പരിപാടികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ചാലക്കുടിപ്പുഴയുടെ തീരത്തെ പ്രളയം അതിരൂക്ഷമായി ബാധിച്ച കുഴൂർ ഗ്രാമപഞ്ചായത്തിൽ 'പുതിയ കുഴൂർ' എന്ന കൂട്ടായ്മ നടത്തുന്ന അത്തരിലുള്ള ഒരു ശ്രമത്തെ കേരളം പരിചയപ്പെടേണ്ടതുണ്ട്.

**റംസീന ഉമൈബ**

വനത്തിന്റെ നാളുകളിലേക്ക് കേരളം പ്രവേശിച്ചെങ്കിലും വീണ്ടെടുപ്പുകൾക്കായുള്ള ശ്രമങ്ങൾ ദുരന്തത്തിന് കാരണമായിത്തീർന്ന നയങ്ങളെ തിരുത്തുന്നുണ്ടോ? വീണ്ടെടുപ്പിന്റെയും പ്രതിപ്രവർത്തനങ്ങളുടെയും പുനർനിർമ്മാണങ്ങളുടെയും ഘട്ടങ്ങളിൽ കേരളം ഇനി ഇങ്ങനെ തുടർന്നാൽ മതിയോ? ദുരന്തബാധിതരെയും പ്രളയാനന്തര പുനർനിർമ്മാണ പരിപാടികളിൽ ഏർപ്പെടുന്നവരെയും സംബന്ധിച്ച് ഈ ചോദ്യങ്ങൾ വളരെ നിർണ്ണായകമാണ്. പഴയ രൂപത്തിലുള്ള കേരളം പുനസൃഷ്ടിക്കപ്പെടുകയും ദുരന്തങ്ങൾ ഇതേ തീവ്രതയിൽ ആവർത്തിക്കുകയും ചെയ്യുന്നത് കേരളീയരെ സംബന്ധിച്ച് ആത്മഹത്യാപരമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ പുനർനിർമ്മാണ പരിപാടികളിൽ നമുക്ക് ഓരോരുത്തർക്കും നടത്താൻ കഴിയുന്ന ശ്രമങ്ങൾ തുടങ്ങേണ്ട സമയം കൂടിയാണിത്. കേരളത്തെ രക്ഷിക്കാൻ ഒത്തുചേർന്നവർ ഇനിയൊരു ദുരന്തത്തിലേക്ക് തിരിച്ചുപോകാൻ ഇടയില്ലാത്തവിധം അതിനെ പുതുക്കിപ്പണിയുന്നതിനും കൂടെ നിൽക്കേണ്ടതുണ്ട്. രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കുചേർന്ന ചില കൂട്ടായ്മകൾ അത്തരം ദീർഘകാല പുനർനിർമ്മാണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ചാലക്കുടിപ്പുഴയുടെ തീരത്തുള്ള, പ്രളയം അതിരൂക്ഷമായി ബാധിച്ച കുഴൂർ ഗ്രാമപഞ്ചായത്തിൽ 'പുതിയ കുഴൂർ' എന്ന കൂട്ടായ്മ നടത്തുന്നത് അത്തരിലുള്ള ശ്രമമാണ്. ഒരു നീണ്ടകാലത്തേക്ക് കൂടെ നിന്ന് വെള്ളപ്പൊക്കത്തിൽ ന

ഷ്ടമായതെല്ലാം തിരിച്ചുപിടിക്കുന്നതിനും പുതിയ രൂപത്തിൽ കുഴൂർ എന്ന ഗ്രാമത്തിനെ മാറ്റിത്തീർക്കുന്നതിനുമാണ് 'പുതിയ കുഴൂർ' കൂട്ടായ്മ ശ്രമിക്കുന്നത്. ഈ ശ്രമം കേരളത്തിൽ ഇപ്പോൾ നടക്കുന്ന പുനർനിർമ്മാണ പരിപാടികളോട് ചില നിർണ്ണായക തിരുത്തലുകൾ ആവശ്യപ്പെടുന്നുണ്ട്. പുനർനിർമ്മാണ പരിപാടികൾ നടക്കേണ്ടത് ജനങ്ങളുടെ പങ്കാളിത്തത്തോടെയും തദ്ദേശീയ ഭരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും പ്രാദേശിക വിഭവങ്ങളെ സുസ്ഥിരമായി ഉപയോഗപ്പെടുത്തിയും ആകണമെന്ന് 'പുതിയ കുഴൂർ' കേരളത്തോട് പറയുന്നു. ജീവനോപാധികൾ നഷ്ടമായതിലൂടെ നിരാലംബരായിത്തീർന്ന ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ എങ്ങനെ തിരികെപ്പിടിക്കാം എന്നതാണ് അടിസ്ഥാന കാര്യമെന്ന് അത് കേരളത്തെ ഓർമ്മിപ്പിക്കുന്നു. പരിസ്ഥിതി പുനഃസ്ഥാപനത്തിനും വിഭവസംരക്ഷണത്തിനും ഊന്നൽ നൽകുന്ന ഒരു വികസന കാഴ്ച്ചപ്പാട് മുന്നോട്ടുവയ്ക്കാൻ ശ്രമിക്കുന്നു. കുഴൂരിലെ ഗ്രാമീണരോടും ഗ്രാമപഞ്ചായത്തിനോടും ചേർന്നു നിന്നുകൊണ്ട് അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഈ കൂട്ടായ്മ. പ്രളയകാലത്ത് അത്തരത്തിലുള്ള ഒരു അതിജീവനശേഷി പ്രകടിപ്പിച്ച സ്ഥലം കൂടിയാണ് കുഴൂർ. ബഹുഭൂരിപക്ഷം സ്ഥലങ്ങളും വെള്ളത്തിൽ മുങ്ങിയിട്ടും ഒരു മരണം പോലും സംഭവിക്കാതെ കുഴൂർ ജീവിതത്തിലേക്ക് മടങ്ങിയെത്തി എന്നത് നാട്ടുകാരുടെ കരുത്തും ഒരുമയും തന്നെയാണ് വെളിവാക്കുന്നത്. പള്ളിക്കൂടങ്ങൾ മുതൽ കടത്തിണ്ണകൾ വരെ ദുരിതാശ്വാസ ക്യാമ്പുകളായി മാറിയ ആ ദുരന്തനാളുകളിൽ നിന്നും ആത്മവിശ്വാസത്തോടെ കുഴൂരുകാർ വീട്ടിലേക്ക് മടങ്ങിയത് ആ നാടിന്റെ സവിശേഷത തന്നെയാണ്. കുഴൂരിന്റെ ആ കരുത്തിന്, ഗ്രാമീണമായ അറിവുകൾക്ക്, അധ്വാനശേഷിക്ക് പുനർനിർമ്മാണത്തിലും ഏറെ പങ്കുവഹിക്കാനുണ്ട്. ജനങ്ങളുടെ ഇത്തരത്തിലുള്ള ശേഷികളെയും പങ്കാളിത്തത്തെയും ഉറപ്പിക്കാൻ കഴിയാത്ത തരത്തിലുള്ള പുനർനിർമ്മാണ പരിപാടികളാണ് സർക്കാർതലത്തിൽ ഇപ്പോൾ നടക്കുന്നത് എന്നതുകൊണ്ട് കുഴൂർ ഒരു വ്യത്യസ്ത സാധ്യതയാണ്. നവകേരളത്തിനായുള്ള ശ്രമങ്ങൾ ശ്രദ്ധിക്കേണ്ട മാതൃക. എന്താണ് കുഴൂരിൽ നടക്കുന്നത് എന്ന് നോക്കാം.

**കുഴൂരിലേക്ക് എത്തുന്നു**

കേരളത്തിന്റെ പ്രളയബാധിത പ്രദേശങ്ങളിലും പരിസരങ്ങളിലുമൊക്കെ രൂപപ്പെട്ടതുപോലെ ദുരിതബാധിതർക്ക് അവശ്യസാധനങ്ങളും മറ്റും നൽകുന്നതിനായി തൃശൂരിലും ഒരു സംഭരണ-വിതരണകേന്ദ്രം പല മേഖലകളിലുള്ള സന്നദ്ധപ്രവർത്തകരുടെ മുൻകൈയിൽ ആരംഭിച്ചിരുന്നു. സർക്കാർ നേതൃത്വം നൽകുന്ന, റവന്യൂവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച വിതരണസംവിധാനങ്ങളുടെ പോരായ്മകൾ തിരിച്ചറിഞ്ഞുകൊണ്ട് ആവശ്യക്കാർക്ക് ഏറ്റവും അടിയന്തിരമായി ഭക്ഷണവും വസ്ത്രവുമുൾപ്പെടെയുള്ള പ്രാഥമിക വസ്തുക്കൾ എത്തിക്കുന്നതിനായി പ്രത്യേകിച്ചൊരു നേതൃത്വവുമില്ലാതെ ഒരു കൂട്ടം സന്നദ്ധപ്രവർത്തകർ കൂടിച്ചേരുകയായിരുന്നു. തൃശൂർ എം.ടി.ഐ പോളിടെക്നികിൽ ആരംഭിച്ച വിതരണകേന്ദ്രത്തിലേക്ക് നൂറുകണക്കിനാളുകളാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി എത്തിച്ചേർന്നത്. പ്രായഭേദമന്യേ എല്ലാ ആവശ്യങ്ങളും നിറവേറ്റത്തക്ക ഊർജ്ജത്തോടെ സന്നദ്ധപ്രവർത്തകരുടെ ഒരു ശൃംഖല അവിടെ രൂപപ്പെട്ടു. ഇന്ത്യയുടെ പല ഭാഗത്ത് നിന്നും ഇവിടേക്ക് അവശ്യസാധനങ്ങൾ എത്തിച്ചേർന്നു. ഇരുന്നൂറ്റമ്പതോളം സ്ഥലങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്തു. സാധനങ്ങൾ അവശ്യക്കാരിലേക്ക് തന്നെ എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി യുവജനങ്ങൾ ജാഗ്രതയോടെ നിലയുറപ്പിച്ചു. വെള്ളമിറങ്ങാത്ത ഉൾപ്രദേശങ്ങളിലേക്ക് പോകാൻ സന്നദ്ധമായി വലിയ വാഹനങ്ങൾ പലരും വിട്ടുനൽകി. റവന്യൂവകുപ്പിന്റെ മുൻകൈയിൽ പ്രവർത്തിച്ചിരുന്ന വിതരണ കേന്ദ്രങ്ങളുടെ വേഗതക്കുറവിലും ചില ഉദ്യോഗസ്ഥരുടെ ബ്യൂറോക്രാറ്റിക് സമീപനത്തിലും നിരാശരായ നിരവധിപേർക്ക് ഈ വിതരണകേന്ദ്രം ആശ്വാസമായി മാറി. കേരളത്തിന്റെ അതിജീവനത്തിനായി ഒരു കൂട്ടം സന്നദ്ധപ്രവർത്തകർ തങ്ങളുടെ കഴിവുകൾക്കനുസരിച്ച് എല്ലാം മറന്ന് പ്രവർത്തിച്ചതിന്റെ സാധ്യതയാണ് വിതരണകേന്ദ്രത്തിൽ കാണാൻ കഴിഞ്ഞത്. കേരളത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം ജനകീയ വിതരണകേന്ദ്രങ്ങളായിരുന്നു ദുരിതബാധിതർക്ക് താങ്ങായിത്തീർന്നത്.

"ഞങ്ങളിപ്പോഴും വെള്ളത്തിലാണ്, ഇവിടേക്ക് യാതൊരു സാധനങ്ങളും എത്തുന്നില്ല" എന്നു പറഞ്ഞ് നിരന്തരമായി വന്നുകൊണ്ടിരുന്ന ഒരു ഫോൺവിളിയെ തുടർന്നാണ് കുഴൂർ പഞ്ചായത്ത് ഈ കൂട്ടായ്മയുടെ ശ്രദ്ധയിലെത്തുന്നത്. കുഴൂരിലേക്ക് പോകാൻ ശ്രമിച്ചെങ്കിലും വെള്ളം ഇറങ്ങാത്തതിനാൽ എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയായിരുന്നു അന്ന്. എങ്കിലും പ്രളയം കുഴൂരിൽ സൃ


ജൂലായ് മാസം മുതൽ തുടങ്ങിയ കുഴൂരിലെ പ്രളയം

ഷ്ടിച്ച ദുരന്തങ്ങളുടെ വ്യാപ്തി തിരിച്ചറിഞ്ഞ് പലതരം അവശ്യസാധനങ്ങൾ പലതവണകളിലായി കുഴൂരിലെത്തിക്കുകയുണ്ടായി. വെള്ളമിറങ്ങിത്തുടങ്ങിയപ്പോൾ തന്നെ ഈ കൂട്ടായ്മയിലുണ്ടായിരുന്ന പല സുഹൃത്തുക്കളും കുഴൂരിലെ അവസ്ഥകൾ മനസ്സിലാക്കാൻ അവിടേക്ക് നേരിട്ടുചെന്നു. ജൈവസമ്പന്നമായിരുന്ന ഒരു ദേശം അതിന്റെ ഏറ്റവും വികൃതമായ ഒരവസ്ഥയിൽ നിസ്സഹായരായി നിൽക്കുന്ന കാഴ്ചയാണ് അവർക്ക് കാണേണ്ടി വന്നത്. കുഴൂരിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളെയും പുനർനിർമ്മാണ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാൻ കഴിയുംവിധം ആ നാട്ടിൽ തുടരാൻ ആ സന്നദ്ധ പ്രവർത്തകർ തീരുമാനിക്കുകയും ചെയ്തു. തുടർച്ചകൾ ആവശ്യമുള്ള ദീർഘകാല പ്രവർത്തനങ്ങൾ മാത്രമേ കുഴൂർ എന്ന പ്രദേശത്തെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരുകയുള്ളൂ എന്ന തിരിച്ചറിവ് അവരെ അവിടെ നിലയുറപ്പിച്ചു.

**കുഴൂരിനെ പ്രളയം ബാധിച്ചതെങ്ങിനെ?**

കുഴൂർ ഒരു കാർഷിക ഗ്രാമമാണ്. മാള, അന്നമനട, പൊയ്യ, പുത്തൻവേലിക്കര, പാറക്കടവ് എന്നീ പഞ്ചായത്തുകളുമായി അതിർത്തി പങ്കിട്ട് 19.11 ചതുരശ്രകിലോമീറ്റർ വ്യാപ്തിയിൽ വ്യാപിച്ചുകിടക്കുന്ന ഒരു പഞ്ചായത്ത്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ നാല് വാർഡുകളെ തൊട്ടുരുമ്മി ചാലക്കുടിപ്പുഴയും ഒഴുകുന്നു. തിരുമുക്കുളം, കാക്കുളിശ്ശേരി വില്ലേജുകളിലായി 20,000 ത്തോളം ജനങ്ങളാണ് ഇവിടെ താമസിക്കുന്നത്. കൃഷി, കന്നുകാലി വളർത്തൽ എന്നിവ പ്രധാന ജീവതമാർഗ്ഗമായതിനാൽ ചാലക്കുടിപ്പുഴയെ ആശ്രയിച്ചാണ് ഗ്രാമീണരുടെ ജീവിതം മുന്നോട്ടുപോയിരുന്നത്.

ഇത്തവണത്തെ കാലവർഷത്തിൽ പല സമയങ്ങളിലായി അഞ്ച് തവണയാണ് കുഴൂരിൽ വെള്ളപ്പൊക്കമുണ്ടാകുന്നത്. ആഗസ്റ്റ് 14ന് ആരംഭിച്ച മഹാപ്രളയത്തിന് മുമ്പ് പലപ്പോഴായി കുഴൂരിലെ താഴ്ന്നപ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയുണ്ടായി. ജൂലായ് 16 മുതൽ താഴ്ന്ന പ്രദേശങ്ങൾ മുങ്ങാൻ തുടങ്ങിയിരുന്നു. പുഴയോട് ചേർന്നുകിടക്കുന്ന കൊച്ചുകടവ്, എരവത്തൂർ, മേലാംതിരുത്ത് പ്രദേശങ്ങളിലേക്ക് പുഴ കയറിവന്നു. പുലയൻ തിരുത്ത് എന്ന പ്രദേശം ഒറ്റപ്പെട്ടു. ജൂലായ് 17ന് പഞ്ചായത്തിൽ ആദ്യമായി ഒരു ദുരിതാശ്വാസ ക്യാമ്പ് എരവത്തൂർ എസ്.കെ.വി.എൽ.പി സ്കൂളിൽ തുടങ്ങി. ജൂലായ് 18ന് വെള്ളത്തിനടിയിലായ മുത്തുകുളങ്ങര, കക്കാട്ടുതറ, പുലയൻതുരുത്ത് എന്നിവിടങ്ങളിലേക്ക് പോകുന്നതിനായി മൂന്ന് ഫൈബർ വള്ളങ്ങൾ പഞ്ചായത്ത് ഇറക്കുന്നുണ്ട്. ക്യാമ്പുകളുടെ എണ്ണം തുടർ ദിവസങ്ങളിൽ കൂടുകയുണ്ടായി. ആഗസ്റ്റ് മാസത്തിന്റെ ആരംഭത്തിൽ വെള്ളം ഇറങ്ങുകയും ജനങ്ങൾ തിരികെ വീടുകളിലേക്ക് പോയി ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുമ്പോഴാണ് ആഗസ്റ്റ് 9ന് മഴ കനക്കുന്നതും ചാലക്കുടിപ്പുഴയിലെ ഡാമുകൾ തുറന്നുവിട്ടതിനെ തുടർന്ന് വീണ്ടും വെള്ളം കയറുന്നതും. ആഗസ്റ്റ് 9ന് തുടങ്ങിയ വെള്ളപ്പൊക്കം ആഗസ്റ്റ് 14ന് പെയ്ത അതിതീവ്ര മഴയോടെ പഞ്ചായത്തിനെ പൂർണ്ണമായും ഒറ്റപ്പെടുത്തി. ഉയർന്ന പ്രദേശങ്ങളിലേക്ക് ജനങ്ങൾ പ്രാണരക്ഷാർത്ഥം ഓടി. തുടർന്ന് ഒരാഴ്ച്ചയോളം കുഴൂർ വെള്ളത്തിനടിയിലായിരുന്നു. 6,000 വീടുകളിൽ 4,000 വീടുകളും മുങ്ങി. 14 വാർഡുകളിൽ 12 വാർഡുകളിലും വെള്ളം കയറി. പ്രളയജലം പരന്നുയരുന്നത് കണ്ട് സെക്കന്റുകൾക്കുള്ളിൽ ഓടിരക്ഷപ്പെടാൻ ശ്രമിച്ചതിനാൽ മനുഷ്യജീവനല്ലാതെ മറ്റൊന്നിനെയും സംരക്ഷിക്കാനായില്ല. വെള്ളമിറങ്ങിയിട്ടും വീടുകളിലേക്ക് തിരിച്ചുപോകാനുള്ള മനോബലമില്ലാതെ പലരും വിഷമിച്ചു. തകർന്നു മൺപതിഞ്ഞ വീടുകൾ കണ്ട് ചിലർ നിലവിളിച്ചു. ആയിരക്കണക്കിന് കിടക്കകളും തലയിണകളും അതിലേറെ തുണികളും നശിച്ചു. നിരവധി ഗൃഹോപകരണങ്ങളും പാത്രങ്ങളും പു



കുഴൂരിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നു. (ഫോട്ടോ: റംസീന)

ഇവിടെ. കെട്ടഴിച്ചുവിടാനോ കൂടു തുറന്നുവിടാനോ ഉള്ള സാവകാശം പോലും ലഭിക്കാത്തതുകൊണ്ട് പല ജീവികളും വാസകേന്ദ്രങ്ങളിൽ തന്നെ ചത്തുകിടന്നു. ഒഴുകിപ്പോയവ ചത്തുകിടന്ന് പല ജലാശയങ്ങളെയും മലിനപ്പെടുത്തി. വെള്ളം ഇറങ്ങിയ ശേഷം കുഴൂർ നേരിട്ട പ്രധാന വെല്ലുവിളി ഇവയുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതായിരുന്നു. മണ്ണിൽ വെള്ളത്തിന്റെ സാന്നിധ്യമുള്ളതിനാൽ മൃതദേഹം കുഴിച്ചിടാനോ കത്തിക്കാനോ കഴിഞ്ഞിരുന്നില്ല. ജെ.സി.ബി ഉപയോഗിച്ച് അത്തരത്തിൽ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയായിരുന്നു. അങ്ങനെയിരിക്കെ, മൃതദേഹങ്ങൾ വെള്ളക്കെട്ടിൽ നിന്നും വലിച്ചുകയറ്റി മാലിന്യഭോജിയായ ബാക്ടീരിയ അടങ്ങിയ 'ബയോകുലം' എന്ന പൊടി വിതറി ഓരോ മൃതദേഹങ്ങളും ജീർണ്ണിപ്പിച്ചുക്കളയുവാൻ പഞ്ചായത്തിനെ സഹായിച്ചുകൊണ്ടാണ് ഞങ്ങൾ കുഴൂരിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിലേക്ക് പ്രവേശിക്കുന്നത്. ജൈവമാർഗ്ഗത്തിലുള്ള ഈ മാലിന്യസംസ്കരണ രീതി മാത്രമായിരുന്നു അപ്പോൾ അവിടെ പ്രായോഗികമായിരുന്നത്.

**പ്രളയത്തെ തുടർന്നുണ്ടായ വിവിധ തരം മാലിന്യങ്ങൾ കൃത്യമായ സംസ്കരണ സംവിധാനങ്ങളില്ലാതെ ഒരു മാസത്തോളം കുഴൂരിൽ ചിതറിക്കിടന്നു. അക്കൂട്ടത്തിൽ ഏറെ അപകടകരമായ സ്ഥിതിയിൽ ആരോഗ്യഭീഷണിയുയർത്തിയത് കന്നുകാലികളുടെ മൃതദേഹങ്ങളായിരുന്നു. സ്വകാര്യസ്ഥലങ്ങളിലും പൊതുയിടങ്ങളിലും ജലാശയങ്ങളിലും വയലുകളിലുമെല്ലാം നൂറുകണക്കിന് വളർത്തുമൃഗങ്ങളാണ് ചത്തുകിടന്നത്.**

സ്തകങ്ങളും മറ്റും ഉപയോഗശൂന്യമായി. വീടുകൾക്കുള്ളിലും പുറത്തും വലിയതോതിൽ ചെളി (ആഴ്ചകളോളം) അടിഞ്ഞുനിന്നു. കിണറുകൾ നശിച്ചു. കൃഷി പൂർണ്ണമായും ഇല്ലാതെയായി. വാഴയും ജാതിയും കരിഞ്ഞുണങ്ങി. പ്രളയത്തെ തുടർന്നുണ്ടായ വിവിധ തരം മാലിന്യങ്ങൾ കൃത്യമായ സംസ്കരണ സംവിധാനങ്ങളില്ലാതെ ഒരു മാസത്തോളം കുഴൂരിൽ ചിതറിക്കിടന്നു. അക്കൂട്ടത്തിൽ ഏറെ അപകടകരമായ സ്ഥിതിയിൽ ആരോഗ്യഭീഷണിയുയർത്തിയത് കന്നുകാലികളുടെ മൃതദേഹങ്ങളായിരുന്നു. സ്വകാര്യസ്ഥലങ്ങളിലും പൊതുയിടങ്ങളിലും ജലാശയങ്ങളിലും വയലുകളിലുമെല്ലാം നൂറുകണക്കിന് വളർത്തുമൃഗങ്ങളാണ് ചത്തുകിടന്നത്.

കന്നുകാലികൾ, കോഴി, താറാവ്, മുയൽ, മത്സ്യം തുടങ്ങിയ ജീവികളെ വളർത്തി അവയിൽ നിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് ദൈനംദിന ചിലവുകൾ നടത്തിയിരുന്നവരാണ് ബഹുഭൂരിപക്ഷവും. ചെറുതും വലുതുമായി നൂറുകണക്കിന് ഫാമുകളുണ്ടായിരുന്നു

ജൈവകർഷകർ ഓർഗാനിക് വളമായി ഉപയോഗിക്കുന്ന ബയോകുലം അതിനായി സംഘടിപ്പിച്ചു. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭിക്കുന്ന പ്രഥമ കണക്ക് പ്രകാരം 231 പശു, 57 പോത്ത്, 351 ആട്, 102 താറാവ്, 44,097 കോഴി എന്നതാണ് കുഴൂരിലെ നഷ്ടം. ഇതുകൂടാതെ മുയൽ, പന്നി അടക്കമുള്ള മറ്റ് വളർത്തു ജന്തുക്കളും മരണപ്പെട്ടിട്ടുണ്ട്. പലതും ഒഴുകിപ്പോയതിനാൽ മൃതദേഹങ്ങൾ തന്നെ കാണാനുണ്ടായിരുന്നില്ല. കുഴൂരിലെ താഴ്ന്ന പ്രദേശങ്ങളിൽ അടിഞ്ഞുകിടന്ന ജന്തുക്കളുടെ മൃതദേഹങ്ങളാണ് ഞങ്ങൾ ജൈവരീതിയിൽ സംസ്കരിച്ചത്. അത്തരത്തിൽ 86 കന്നുകാലികളെ സംസ്കരിക്കുയുണ്ടായി. 'പുതിയ കുഴൂർ' എന്ന പേരിൽ ഒരു കൂട്ടായ്മയായി പ്രവർത്തിക്കുന്നതിനുള്ള തീരുമാനം രൂപപ്പെട്ടുവരുന്നതും ഈ ഘട്ടത്തിലാണ്. പുനർനിർമ്മിക്കാൻ പോകുന്നത് പഴയ കുഴൂരിനെയല്ല, മെച്ചപ്പെട്ടതും സുസ്ഥിരമായതുമായ ഒരു പുതിയ കുഴൂരിനെയാവണം എന്ന ബോധ്യത്തിൽ നിന്നാണ്


ചത്ത കന്നുകാലികളെ ബയോകുലം ഉപയോഗിച്ച് സംസ്കരിക്കുന്നു. (ഫോട്ടോ: റംസീന)

'പുതിയ കുഴൂർ' എന്ന ആശയവും പേരും രൂപപ്പെടുന്നത്.

### എവിടെയും മാലിന്യം മാത്രം

പ്രളയാനന്തരം കുഴൂരിൽ കുന്നുകൂടിയ ടൺ കണക്കിന് ഖരമാലിന്യങ്ങളുടെ സംസ്കരണമായിരുന്നു മറ്റൊരു പ്രശ്നം. ഗാർഹിക-വ്യാപാര മാലിന്യങ്ങളെല്ലാം വീടുകൾക്കു മുമ്പിലും പൊതുസ്ഥലങ്ങളിലുമായി പരന്നു കിടന്നു. വെള്ളം കയറി നശിച്ചുപോയ കിടക്കയും തുണികളുമെല്ലാം പൊതുനിരത്തിൽ കൂട്ടിയിടാനല്ലാതെ ജനങ്ങൾക്ക് മറ്റ് മാർഗ്ഗമുണ്ടായിരുന്നില്ല. ഒരു മാസത്തോളമായി ഈ സ്ഥിതി തുടർന്നത് പഞ്ചായത്തിനെയും പ്രതിസന്ധിയിലാക്കി. പകർച്ചവ്യാധികൾ കൂടി താങ്ങാനുള്ള ശേഷി അന്നത്തെ സ്ഥിതിയിൽ പഞ്ചായത്തിനുണ്ടായിരുന്നില്ല. മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നതിനുള്ള വഴികൾ അങ്ങനെയാണ് പഞ്ചായത്തിനൊപ്പം 'പുതിയ കുഴൂർ' കൂട്ടായ്മയും ആലോചിക്കുന്നത്. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയാണെങ്കിൽ അത് ആ പ്രദേശത്ത് നിന്നും കൊണ്ടുപോയി സംസ്കരിക്കുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ സർക്കാർ തലത്തിൽ നടപ്പിലാക്കുന്നുണ്ടായിരുന്നു. മാലിന്യങ്ങളുടെ തരംതിരിക്കൽ പ്രക്രിയ വേഗത്തിൽ നടത്തുകയാണെങ്കിൽ അത് കുഴൂരിൽ നിന്നും സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റാൻ കഴിയും എന്ന് വ്യക്തമായതോടെ കാര്യങ്ങൾ വേഗത്തിലാക്കാൻ എല്ലാവരും ഒരുമിച്ചു. കുന്നുകൂടിയ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിന്റെ ശാസ്ത്രീയ രീതികൾ വിശദീകരിക്കുന്ന വിദഗ്ധരുടെ ക്ലാസ് സി.ഡി.എസ് അംഗങ്ങൾക്ക് നൽകുന്നതിന് 'പുതിയ കുഴൂർ' കൂട്ടായ്മ മുൻകൈയെടുത്തു. കുടുംബശ്രീ പ്രവർത്തകർ വാർഡുതലത്തിൽ അക്കാര്യം നന്നായി നിറവേറ്റുകയും ചെയ്തു. പഞ്ചായത്തംഗങ്ങളും ജനങ്ങളും തുല്യ ഉത്തരവാദിത്തത്തോടെ തന്നെയാണ് തങ്ങളുടെ പ്രദേശങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ മുന്നിട്ടിറങ്ങിയത്. 205 ടൺ അജൈവമാലിന്യങ്ങളാണ് കുഴൂരിൽ നിന്നും ശേഖരിച്ചത്. രണ്ട് പ്രധാന കേന്ദ്രങ്ങളിൽ സൂക്ഷിച്ച ശേഷം, ഇവ ക്ലീൻ കേരളയുടെ മാലിന്യസംസ്കരണ പ്ലാന്റിലേക്ക് എത്തിച്ചതിന്റെ വാഹനവാടകയും കയറ്റുകൂലിയും അടക്കം പഞ്ചായത്തിന് നാല് ലക്ഷം രൂപ ഈ വകയിൽ ചിലവായിട്ടുണ്ട്.

പ്രളയദിവസങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഉണ്ടായിരുന്ന അതേ തീവ്രതയിൽ തുടർന്നും കുഴൂരിലേക്ക് നിരവധി ചെറുപ്പക്കാരുടെ പ്രവാഹമുണ്ടായിരുന്നു. വെള്ളമിറങ്ങിയ വീടുകളുടെ ശുചീകരണം മുതലുള്ള ആദ്യഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉത്തരവാദിത്തത്തോടെ തന്നെ അവർ ചെയ്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നിരവധി വിദ്യാർത്ഥികളും യുവജനങ്ങളും ചേർന്ന് ചെളി അടിഞ്ഞുകൂടിയ വീടുകളും വീട്ടുപകരണങ്ങളും സൂക്ഷ്മതയോടെ വൃത്തിയാക്കി. മലിനജലം നിറഞ്ഞുനിന്ന കിണറുകളിലെ വെള്ളം മോട്ടോർ ഉപയോഗിച്ച് വറ്റിച്ചു. ടെക്നിക്കൽ വിദ്യാർത്ഥികളുടെയും വിദഗ്ധരുടെയും പിന്തുണയോടെ വീടുകളിലെ ഇലക്ട്രിക്കൽ-പ്ലമ്പിംഗ് മെയിന്റനൻസ് പണികൾ പൂർത്തിയാക്കി. ചെളിയടിഞ്ഞ് നശിച്ച അംഗനവാടികൾ പെയിന്റടിച്ച് പുതുക്കിയെടുത്തു. അവിടെ ചിത്രപ്പണികൾ ചെയ്യുകയും കുട്ടികൾക്ക് പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും വിതരണം ചെയ്യുകയുമുണ്ടായി.

### താത്കാലിക ഭവനങ്ങൾ

ഓണാവധി കഴിഞ്ഞ് സെപ്തംബർ 3 നു ദുരിതാശ്വാസ ക്യാമ്പുകൾ അവസാനിപ്പിക്കുകയാണെന്ന ഔദ്യോഗിക പ്രഖ്യാപനത്തെ തുടർന്ന് എങ്ങോട്ടുപോകണമെന്നറിയാതെ ജനങ്ങൾ പരിഭ്രാന്തരായിരുന്നു. ആഴ്ചകളോളം വെള്ളത്തിൽ മുങ്ങിക്കിടന്ന നൂറിൽപ്പരം വീടുകളാണ് പൂർണ്ണമായും ഭാഗികമായും തകർന്നുവീണിരുന്നത്. എപ്പോൾ വേണമെങ്കിലും തകർന്നു വീണേക്കാമെന്ന മട്ടിലുള്ള അത്രതന്നെ വീടുകൾ വേറെയുമുണ്ടായിരുന്നു. ബന്ധുവീടുകളിലും അയൽപ്പക്കങ്ങളിലുമൊക്കെയായി അന്തിയുറങ്ങിയും തകർന്ന വീടുകളുടെ അവശിഷ്ടങ്ങൾ വാരിക്കൂട്ടിയും ചെ




പ്രളയത്തിൽ വീട് തകർന്നവർക്ക് കുഴൂരിൽ നിർമ്മിക്കുന്ന താത്കാലിക വാസസ്ഥലങ്ങൾ. (ഫോട്ടോ: പ്രതീഷ്)

ളികയറിയ വീട്ടുപകരണങ്ങൾ വൃത്തിയാക്കിയും അവർ പകലുകൾ ചെലവഴിച്ചു. ക്യാമ്പ് പിരിച്ചുവിട്ടതോടെ പോകാൻ ഇടമില്ലാതെ വന്ന വീടുതകർന്നവർക്ക് മുന്നിൽ ശിഷ്ടജീവിതം ഒരു ചോദ്യചിഹ്നമായി വന്നു. പ്രളയത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് സർക്കാർ പുതിയ വീട് നിർമ്മിച്ചു നൽകുന്നതുവരെ താത്കാലികമായി താമസിക്കുന്നതിനുള്ള ഇടക്കാല വാസസ്ഥലങ്ങൾ അവരുടെ തന്നെ ഭൂമിയിൽ നിർമ്മിച്ചുനൽകുവാൻ ഞങ്ങൾ ആലോചിക്കുന്നത് ഈ അവസ്ഥകളെല്ലാം നേരിൽ കണ്ടതുകൊണ്ടാണ്. പ്രളയത്തിൽ വീട് നഷ്ട്ടപ്പെട്ടവരെ സംബന്ധിച്ച് പുതിയ വാസസ്ഥലങ്ങൾ പുനർനിർമ്മിക്കുക എന്നത് ഏറെ ശ്രമകരമായിരുന്നു. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നാല് ലക്ഷം രൂപ ലഭിച്ച് വീട് നിർമ്മാണം ആരംഭിക്കുമ്പോഴെക്കും ഏറെ വൈകുമെന്ന ആശങ്കയാണ് ദ്രുതഗതിയിലുള്ള ഒരു മാർഗ്ഗം സ്വീകരിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. മുള, ഈറ, പനമ്പ്, തെങ്ങ് തുടങ്ങിയ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് ഇതുവരെ ഏഴ് താത്കാലിക വാസസ്ഥലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. പുതിയ വീട് നിർമ്മിക്കുന്നത് വരെ എവിടെ താമസിക്കുമെന്നത് വീട് നഷ്ട്ടപ്പെട്ടവരെ സംബന്ധിച്ച് ഒരു പ്രതിസന്ധി തന്നെയാണല്ലോ, സർക്കാരിന് അതാലോചിക്കേണ്ട കാര്യമില്ലെങ്കിലും. കേരളത്തിലെവിടെയും താത്കാലിക വാസസ്ഥലങ്ങൾ എന്ന ഒരാലോചന സർക്കാർ നടത്തിയിട്ടേയില്ല. ലൈഫ് മിഷൻ പദ്ധതിയിൽ അവരെ ഉൾപ്പെടുത്തി നാല് ലക്ഷം രൂപ വീടിനായി അനുവദിക്കും എന്ന പ്രഖ്യാപനം മാത്രമാണ് ആകെയുള്ളത്. അത് എപ്പോൾ അനുവദിച്ച് കിട്ടുമെന്നതും കിട്ടിയാൽത്തന്നെ എത്രകാലമെടുത്ത് വീട് നിർമ്മിക്കുമെന്നതും പ്രളയബാധിതരെ സംബന്ധിച്ച് കുഴയ്ക്കുന്ന ചോദ്യങ്ങളാണ്. സർക്കാർ പ്രഖ്യാപിച്ച അടിയന്തര ധനസഹായമായ 10,000 രൂപ പോലും ഇവരിൽ പലർക്കും ഇപ്പോഴും കിട്ടിയിട്ടില്ല എന്നോർക്കണം. കുഴൂരിൽ അഞ്ഞൂറോളം പേർക്ക് ഈ സഹായധനം കിട്ടിയിട്ടില്ല എന്നാണ് പഞ്ചായത്ത് നൽകുന്ന കണക്ക്. താത്കാലിക ഭവനങ്ങൾ എന്ന ആശയം 'പുതിയ കുഴൂർ' കൂട്ടായ്മ മുന്നോട്ടുവച്ചപ്പോൾത്തന്നെ അതിന് സ്വീകാര്യത ലഭിച്ചതും അതുകൊണ്ടാണ്.

നാളിതുവരെയായി നാം തുടർന്നുവരുന്ന നിർമ്മാണരീതിയും വികസനപ്രവർത്തനങ്ങളും ഹേതുവായി തീർന്ന ഒരു മഹാദുരന്തത്തിന്റെ അനുഭവങ്ങളിൽ നിന്നുമാണ് തദ്ദേശീയ പ്രകൃതിവിഭവങ്ങളും പ്രാദേശിക അദ്ധ്വാനശക്തിയും മാത്രം ഉപയോഗിച്ച് താത്കാലിക ഷെൽട്ടറുകൾ പണിയാൻ തീരുമാനിച്ചത്. വീടു നിർമ്മാണത്തിന് വേണ്ടിയുള്ള അനധികൃത പാറപൊട്ടിക്കലുകളും വനനശീകരണവും മണൽവാരലുകളും വയൽനികത്തലും എല്ലാം കേരളത്തെ എത്രമാത്രം ആഴത്തിലാണ് ബാധിച്ചത് എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മലയിടിച്ചിലും ഉരുൾപ്പൊട്ടലും വെള്ളപ്പൊക്കവുമുൾപ്പെടെയുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്ന സ്ഥിതിയിലാണ് കേരളമുള്ളതെന്ന് ഈ ദുരന്തം ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. ഇത്രകണ്ട് ഭീകരമായൊരു പ്രളയത്തെ തൊട്ടറിഞ്ഞിട്ടും നാമിനിയുമിനിയും നമ്മുടെ പ്രകൃതിയോട് ചെയ്യാൻ പോകുന്നതെന്താണ്? അതേ വാർപ്പുമാതൃകകൾ വീണ്ടും പണിയുക അഭികാമ്യമല്ല. തകർന്ന കോൺക്രീറ്റു വീടുകൾക്ക് പകരം കൂടുതൽ

ഈടും ഉറപ്പുമുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ തന്നെ പണിതുയർത്തുന്നത് ദുരന്തത്തെ ക്ഷണിച്ചുവരുത്തലാകും. ഇത്തരം നിർമ്മിതികൾക്കായി ആശ്രയിക്കേണ്ടിവരുന്നത് ലോലമായ പശ്ചിമഘട്ടത്തെ തന്നെയാണ്. റീബിൽഡിംഗ് കേരള എന്നുപറയുന്ന ആലോചനകളിൽ ഇത് കടന്നുവന്നിട്ടില്ല. നവകേരളമല്ല, പഴയ കേരളത്തെ തന്നെയാണ് പുനസൃഷ്ടിക്കാൻ പോകുന്നത് എന്ന് തോന്നുന്നവിധത്തിലാണ് ഇക്കാര്യങ്ങൾ നടക്കുന്നത്. അതുകൊണ്ടാണ് താത്കാലിക വാസസ്ഥലങ്ങൾ



പ്രളയത്തെ തുടർന്ന് കരിഞ്ഞുണങ്ങിപ്പോയ വാഴത്തോട്ടം. (ഫോട്ടോ: റംസീന)

കുഴൂരിൽ ഒരുക്കുമ്പോൾ അത് തീർച്ചയായും പ്രകൃതിയോടിണങ്ങുന്ന വിഭവങ്ങൾ ഉപയോഗിച്ചുള്ളതാകണം എന്ന് 'പുതിയ കുഴൂർ' കൂട്ടായ്മ ഉറപ്പിക്കുന്നത്. മാത്രമല്ല, സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ച് പുതിയ വീടുകളൊരുക്കുമ്പോഴേക്കും നിർമ്മാണത്തെക്കുറിച്ചുള്ള ഈ പരിസ്ഥിതി സൗഹൃദ സങ്കൽപ്പം ജനങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യും. അത്തരത്തിലുള്ള ഒരു സംവാദം കൂടി നടക്കുന്നതരത്തിലാണ് വിവിധ ഗ്രൂപ്പുകളുടെ പിന്തുണയോടെ താത്കാലിക വാസസ്ഥലങ്ങൾ നിർമ്മിച്ചത്. വീട് ഒരു അഭയകേന്ദ്രമാണെന്നും ആഡംബരമല്ലെന്നും തിരിച്ചറിയാനുള്ള സാഹചര്യം കൂടി ഈ താത്കാലിക നിർമ്മിതികൾ സൃഷ്ടിച്ചു.

**ജനാധിപത്യത്തിന്റെ വികേന്ദ്രീകരണം**

തലസ്ഥാനനഗരിയിലിരുന്ന് ആസൂത്രണം ചെയ്യുന്ന പ്രളയാനന്തര പുനർനിർമ്മാണ പരിപാടികളോട് കുഴൂരിന് നിരവധി ചോദ്യങ്ങൾ ചോദിക്കാനുണ്ട്. കുഴൂരിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടാണോ ഈ പറയുന്ന പദ്ധതികൾ മുന്നോട്ടുവെച്ചിട്ടുള്ളത്? ചാലക്കുടിപുഴയുടെ പ്രളയസമതലങ്ങളിലൂടെ കുഴൂരിലുടനീളം ഒഴുകിപരന്ന പുഴയെക്കുറിച്ച് എന്തു പഠനമാണ് സർക്കാർ നടത്തിയിട്ടുള്ളത് ? തകർന്ന വീടുകൾ പുനർനിർമ്മിക്കുക എന്ന അടിയന്തരാവശ്യത്തേക്കാൾ ഏറെ വലുതാണ് പ്രളയബാധിത പ്രദേശങ്ങളിലെ മറ്റനേകം നഷ്ടങ്ങൾ. പ്രത്യേകിച്ച് ജീവനോപാധികളുടെ തിരിച്ചുപിടിക്കൽ. അതുകൊണ്ടുതന്നെ ദുരിതബാധിത പ്രദേശങ്ങൾ സമഗ്രതയിൽ പരിപാലിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുവേണം ഓരോ മേഖലയിലും പുനർനിർമ്മാണം ആരംഭിക്കാൻ. 'പുതിയ കേരളം' തീർത്തും പുതിയതാകുന്നത് അപ്പോഴാണ്. തദ്ദേശീയ ഭരണസംവിധാനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ ഏറ്റവും വികേന്ദ്രീകൃതമായ രീതിയിലായിരിക്കണം 'നവകേരളം' പടുത്തുയർത്തേണ്ടത്. അങ്ങനെ നോക്കുമ്പോൾ സെക്രട്ടേറിയറ്റിൽ ഇരുന്ന് പുനർനിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുന്നതിന് പകരം ഓരോ പ്രദേശത്തിന്റെയും പ്രാദേശിക പാരിസ്ഥിതിക ഘടകങ്ങളും ദുരന്തസ്ഥിതിയും മനസ്സിലാക്കി തദ്ദേശീയതലത്തിൽ പുനർനിർമ്മാണം ആസൂത്രണം ചെയ്യുന്നതാകും ഉചിതം. കുഴൂരിന്റെ അനുഭവം അതിന്റെ ആവശ്യകതയാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. കുഴൂരിന്റെ അതിജീവനം കുഴൂരിലെ ജനങ്ങളുടെ, ഭരണസംവിധാനങ്ങളുടെ ആലോചനകളിൽ നിന്നുതന്നെയാണ് രൂപപ്പെട്ടുവരേണ്ടത്. വികസനകാര്യങ്ങളിൽ മുകളിൽ നിന്നും നിശ്ചയിക്കപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പുകാരായി തദ്ദേശീയ ജനാധിപത്യ സ്ഥാപനങ്ങൾ മാറുന്നകാലത്ത് ഇത്തരത്തിലുള്ള ഒരു തിരുത്തൽ ജനാധിപത്യത്തെ സംബന്ധിച്ച് വളരെ പ്രധാനമാണ്. വികേന്ദ്രീകൃത രീതിയിൽ വാർഡ് തലത്തിൽ തന്നെയാണ് കുഴൂരിന്റെ പുനർനിർമ്മാണ ചർച്ചകളും പദ്ധതികളും മുന്നോട്ടുപോകേണ്ടത്. പഞ്ചായത്തിനെയും ജനങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട് ഈ ലക്ഷ്യം സാക്ഷാത്കരിക്കാനാണ് 'പുതിയ കുഴൂർ' കൂട്ടായ്മ ശ്രമിക്കുന്നത്. നവംബറിൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികളുടെ രൂപീകരണത്തിനായി ഗ്രാമസഭകൾ കൂടുമ്പോഴേക്കും പ്രളയനന്തര സാഹചര്യം വിലയിരുത്തി കുഴൂരിന് എന്താണ് പ്രത്യേകമായി വേണ്ടത് എന്ന് നിശ്ചയിക്കാനും അത് പദ്ധതിക



ചെളിയടിഞ്ഞ് പുസ്തകങ്ങളും പഠനോപകരണങ്ങളും നഷ്ടമായ കുട്ടികൾ കുഴൂരിൽ നിരവധിയാണ്. (ഫോട്ടോ: റംസീന)

ളായി അവതരിപ്പിക്കാനും ജനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ദുരന്തത്തിന് മുമ്പുണ്ടായിരുന്നതിനേക്കാൾ ജനങ്ങളുടെ പങ്കാളിത്തം ഈ ആസൂത്രണ പ്രക്രിയയിൽ ഇപ്പോൾ വേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു പ്രക്രിയയെ ഏകോപിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിക്കും കഴിയേണ്ടതുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി (വാർഷിക വിഹിതവും തനത് ഫണ്ടും) അത്തരത്തിലുള്ള ആലോചനകൾക്ക് തടസ്സമായി നിൽക്കുന്നുണ്ട് എന്നതാണ് പഞ്ചായത്ത് ഭരണസമിതിയെ നിരാശപ്പെടുത്തുന്ന ഘടകം. ഒരു കോടി ആറ് ലക്ഷം രൂപയാണ് കുഴൂർ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള വാർഷിക പദ്ധതി വിഹിതം. വനിതാവികസനം, സർവ്വശിക്ഷാ അഭിയാൻ, സേവന മേഖല, കാർഷിക, ഉത്പാദന മേഖല എന്നിങ്ങനെയുള്ള 12 മേഖലകൾക്കായി നിർബന്ധമായും നിശ്ചിത തുക വീതം ഇതിൽ നിന്നും മാറ്റിവയ്ക്കേണ്ടതുണ്ട്. ഈ ഒരു കോടി ആറ് ലക്ഷം രൂപ തന്നെ പഞ്ചായത്തിന്റെ മൊത്തം വികസനാവശ്യങ്ങൾക്ക് തികയാതെ വരുമ്പോൾ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇത് എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന ന്യായമായ സംശയമാണ് പഞ്ചായത്തംഗങ്ങൾ ചോദിക്കുന്നത്. പ്രളയശേഷമുണ്ടായ ഓരോ പ്രവർത്തനങ്ങൾക്കും മതിയായ സാമ്പത്തികം കണ്ടെത്താനാകാതെ ഭരണസമിതി നിസ്സാഹയരാവുകയാണ്. ഏറ്റവും അടിയന്തിരമായി വിതരണം ചെയ്യേണ്ട കുടിവെള്ളം പോലും ഫണ്ടില്ലാത്തതിന്റെ പേരിൽ നിർത്തിവെയ്ക്കേണ്ടി വന്നിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി ഒരു വസ്തുതയാണെങ്കിലും വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ പുനർനിർമ്മാണത്തിന് പ്രാമുഖ്യം നൽകുന്ന തരത്തിലുള്ള പരിപാടികൾ തീർച്ചയായും ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. അത്തരം മാതൃകാ പരിപാടികൾ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ അത് നിലച്ചുപോകാതിരിക്കാനുള്ള അധിക സഹായം സർക്കാരിൽ നിന്നും ആവശ്യപ്പെടുകയും വേണം. അത്തരം ആത്മാർത്ഥമായ ശ്രമങ്ങൾ കക്ഷിരാഷ്ട്രീയ ഭേദമന്യേ പഞ്ചായത്തുകളുടെയും ജനങ്ങളുടെ മുൻകൈയിൽ രൂപപ്പെട്ടാൽ മാത്രമേ പുതിയ കേരളം അക്ഷരാർത്ഥത്തിൽ രൂപപ്പെടുകയുള്ളൂ. ഈ പ്രവർത്തനങ്ങളിലെല്ലാം പങ്കുചേർന്നുകൊണ്ട് അത്തരത്തിലുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ 'പുതിയ കുഴൂർ' കൂട്ടായ്മ തുടരുകയാണ്.

**കണക്കുകളുടെ പ്രാധാന്യം**

പ്രളയാനന്തര സാഹചര്യം വിലയിരുത്തിക്കൊണ്ടുള്ള പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുഖ്യമായും പരിഗണിക്കപ്പെടേണ്ട ഒരു സംഗതി കുഴൂരിന്റെ പാരിസ്ഥിതിക പുനസ്ഥാപനമാണ്. കുഴൂരിന്റെ ഇക്കോളജിയും ജൈവവൈവിദ്ധ്യവും പരിഗണിച്ചുക്കൊണ്ട് കുഴൂരിന്റെ സുസ്ഥിരത ഉറപ്പുവരുത്തിക്കൊണ്ടുമാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകേണ്ടത്. പ്രാദേശിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള സ്വാശ്രയപുരോഗതിയാണ് കുഴൂരിന് വേണ്ടത്. അത്തരമൊരു ശാക്തീകരണ പരിപാടിക്ക് മുമ്പ് സംഭവിച്ച നാശനഷ്ടങ്ങൾ നികത്തപ്പെടണം. അതിന് കുഴൂരിൽ എന്തു മാത്രം നാശങ്ങളുണ്ടായെന്ന് കണക്കാക്കപ്പെടണം. കുഴൂരിൽ അവശേഷിക്കുന്ന വിഭവ സാധ്യതകൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കാൻ കഴിയണം. എത്ര കെട്ടിടങ്ങൾ തകർന്നു എന്നതല്ലാതെ മറ്റു നഷ്ടങ്ങളെക്കുറിച്ചുള്ള ഔദ്യോഗിക കണക്കുകളൊന്നും തന്നെ പഞ്ചായത്തിന്റെ കൈവശമില്ല. സംസ്ഥാനത്തിന്റെയും സ്ഥിതി ഇതുതന്നെയാണ്. യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാ



കുഴൂർ പഞ്ചായത്തിന്റെ അതിർത്തിയിലുള്ള കണക്കൻകടവ് റഗുലേറ്റർ. ഈ റഗുലേറ്ററിന്റെ ഷട്ടറുകൾ കൃത്യമായി തുറക്കാതിരുന്നതും മരങ്ങൾ വന്നടിഞ്ഞതും ഇവിടെ വെള്ളപ്പൊക്കം കൂടാൻ കാരണമായി. (ഫോട്ടോ: റംസീന)

ത്ത വിധമാണ് നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നത്. കളക്ടറോ മന്ത്രിയോ മുഖ്യമന്ത്രിയോ പടച്ചുവിടുന്ന, വിവിധ വകുപ്പുകൾ നൽകുന്ന സംസ്ഥാനതല കണക്കുകല്ലാതെ ഓരോ ചെറിയ പ്രദേശങ്ങളുടെയും നഷ്ടങ്ങൾ വ്യക്തമായി രേഖപ്പെടുത്തപ്പെടേണ്ടതുണ്ട്. അത്തരത്തിലുള്ള ആലോചന സംസ്ഥാനതലത്തിൽ സർക്കാർ നടത്തുന്നില്ല എന്നതാണ് ദയനീയ വസ്തുത. പല ഏജൻസികളും പലതരത്തിലുള്ള കണക്കെടുപ്പ് നടത്തുന്നു എന്നല്ലാതെ ഒന്നിലും ഒരു ഏകോപനം ഇല്ല. ഇത്തരം ഒരു കണക്കെടുപ്പ് നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ഏറ്റവും നന്നായി കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകട്ടെ ജനങ്ങളുടെ പല അടിയന്തര ആവശ്യങ്ങളും പരിഹരിക്കുന്നതിനുള്ള നെട്ടോട്ടത്തിലുമാണ്.  പ്രളയം കടന്നുപോയ ഓരോ വീടുകളും കയറിയിറങ്ങി വളരെ സൂക്ഷ്മതയോടെ അവർക്കുണ്ടായ നാശനഷ്ടങ്ങൾ രേഖപ്പെടുത്താനുള്ള സംവിധാനം സർക്കാരിന് ഇല്ലെന്നാണോ പറയുന്നത്? ഏതെങ്കിലും ഉപഗ്രഹ സംവിധാനമുപയോഗിച്ച് തീർപ്പാക്കാനാവുന്ന നഷ്ടങ്ങളല്ല കേരളത്തിന്റെ മൊത്തം ജീവിതത്തിൽ സംഭവിച്ചിട്ടുള്ളത്. അത് മനസ്സിലാക്കണമെങ്കിൽ ജനങ്ങളുമായി മുഖാമുഖം വരേണ്ടതുണ്ട്. അവരെ കേൾക്കേണ്ടതുണ്ട്. അതല്ലെങ്കിൽ പ്രത്യക്ഷത്തിൽ പ്രകടമാകുന്ന നഷ്ടങ്ങളുടെ വിവരശേഖരണം മാത്രമായി അത് അവസാനിക്കും. തകർന്ന വീടുകളും കെട്ടിടങ്ങളും കൃഷിസ്ഥലവും മാത്രം കണക്കുകളിലുൾപ്പെടുത്തും. സർക്കാരിനെ സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ വെറും സാങ്കേതികം മാത്രമാണ്. കുറച്ച് പണം നൽകിയാൽ പരിഹരിക്കാൻ കഴിയുന്നത്. എന്നാൽ ജനങ്ങളെ സംബന്ധിച്ച് അത് അവരുടെ ജീവനോപാധികളുടെയും ജീവിതപരിസരങ്ങളുടെ തന്നെയും നഷ്ടമാണ്. ഏറെക്കാലത്തെ പലവിധ പിന്തുണകളുണ്ടെങ്കിൽ മാത്രം തിരിച്ചുപിടിക്കാൻ കഴിയുന്നത്. അത്തരത്തിലുള്ള മനസ്സിലാക്കലിലാണ് പുനർനിർമ്മാണത്തിന്റെ അന്തഃസത്ത കിടക്കുന്നത്. നഷ്ടങ്ങളെ സൂക്ഷ്മമായി മനസ്സിസലാക്കുന്നതിനുള്ള കണക്കെടുപ്പ് ആരു നടത്തും എന്നത് ഒരു സുപ്രധാന ചോദ്യമായി അവശേഷിക്കുന്നു. ശരിക്കും അത് നടത്താൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത്തരത്തിലുള്ള ഒരു പിന്തുണ കിട്ടുന്നുമില്ല. കുഴൂരിനെ സംബന്ധിച്ച് ഈ കണക്കെടുപ്പ് വളരെ പ്രധാനമാണ് എന്നതിനാൽ 'പുതിയ കുഴൂർ' കൂട്ടായ്മ അതിനും മുൻകൈ എടുത്തിരിക്കുകയാണ്. കുഴൂരിനെ സംബന്ധിച്ചും ഏറ്റവും വലിയ നഷ്ടം ജീവനോപാധികളുടെ നാശമാണ്. ജീവനോപാധികൾ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളെ സഹായിക്കുക എന്നതിലാണ് പഞ്ചായത്ത് ഏറെ പ്രതിസന്ധി നേരിടുന്നത്. കൃഷിയും കൃഷിയിടവും കന്നുകാലികളും ജലസ്രോതസ്സുകളും വ്യാപാരസംരംഭങ്ങളും സ്വയംതൊഴിൽ കൂട്ടായ്മകളും തൊഴിലുപകരണങ്ങളുമെല്ലാം വെള്ളം കയറി നശിച്ചിരിക്കുന്നു. ക്ഷീരമേഖല പൂർണ്ണമായും തകർന്നു. ക്ഷീരവികസന വകുപ്പിന്റേതടക്കം അഞ്ച് പാൽ സൊസൈറ്റികളുണ്ടായിരുന്ന പഞ്ചായത്തിൽ ഒരു ദിവസം മു

ന്നൂറിലധികം പേർ പാലുമായി എത്തുമായിരുന്നു. കന്നുകാലികൾ നഷ്ടപ്പെട്ടതോടെ പാൽസംഭരണ കേന്ദ്രങ്ങളും അടച്ചിട്ടിരിക്കുകയാണ്. കാർഷിക മേഖലയ്ക്കുണ്ടായിരിക്കുന്ന നഷ്ടവും സമാനമാണ്. പ്രളയത്തിന്റെ ഭാഗമായുണ്ടാകുന്ന മേൽമണ്ണ് നഷ്ടം, എക്കൽ അടിയൽ എന്നീ പ്രക്രിയകൾ കുഴൂരിന്റെ കൃഷിഭൂമിയെ മാറ്റിമറിച്ചു. മണ്ണിൽ നിന്നും കാത്സ്യവും പൊട്ടാസ്യവും മഗ്നീഷ്യവുമുൾപ്പെടെയുള്ള മൂലകങ്ങളെല്ലാം നഷ്ടപ്പെട്ടു. പ്രളയശേഷം മണ്ണിന്റെ അടിസ്ഥാന സ്വാഭാവത്തിൽ തന്നെ മാറ്റം വന്നു. വെള്ളം പിടിച്ചുനിർത്താനുള്ള ശേഷി മണ്ണിന് കുറഞ്ഞിട്ടുണ്ട്. മണ്ണിലെ ജൈവാംശം ഒലിച്ചുപോയിട്ടുണ്ട്. പ്രളയജലം പരന്ന ഇടങ്ങളിലെല്ലാം ജാതി, വാഴ, പച്ചക്കറികൾ തുടങ്ങിയവ കരിഞ്ഞുപോയിരിക്കുന്നു. ഇത് ചില ഘനലോഹങ്ങൾ മണ്ണിലടിഞ്ഞിട്ടുണ്ടോ എന്ന സംശയം ഉയർത്തുന്നു (കുഴൂർ പഞ്ചായത്തിന് മുകളിൽ സ്ഥിതി ചെയ്യുന്ന കാതിക്കുടം നിറ്റാ ജലാറ്റിൻ കമ്പനി ശക്തമായ മഴക്കാലത്ത് അവരുടെ രാസമാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കാറുണ്ട്. പ്രളയജലത്തിനൊപ്പം അതും കൃഷിയിടങ്ങളിൽ പരന്നിട്ടുണ്ടോ എന്ന സംശയം ഇവിടെ വ്യാപകമാണ്). ഇങ്ങനെ കാർഷികവിളകൾക്കും കൃഷിഭൂമിക്കും മണ്ണിനും സംഭവിച്ച ഭൗതിക-രാസ-ജൈവിക മാറ്റങ്ങൾ സൃഷ്ടിക്കുന്ന ദൂഷ്യഫലങ്ങൾ കുഴൂരിൽ കൂടുതലാണ്. മണ്ണിന്റെ ജൈവസമ്പന്നത പുനസ്ഥാപിച്ചാൽ മാത്രമേ കാർഷിക മേഖലയ്ക്ക് മടങ്ങി വരവ് സാധ്യമാകൂ. ഇതിനെല്ലാം ദീർഘകാല പരിപാടികൾ ആവശ്യമായി വരും. നഷ്ടത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുക എന്നത് പ്രധാനമാകുന്നത് അതുകൊണ്ടാണ്. പഞ്ചായത്തിലെ ഓരോ ജനങ്ങളോടും സംസാരിച്ചുകൊണ്ട്, അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് നഷ്ടം വിലയിരുത്തുന്നതിനും പുനർനിർമ്മാണം ആസൂത്രണം ചെയ്യുന്നതിനും ഫീൽഡ് സർവ്വെ നടത്തുക എന്നതാണ് സാധ്യമായ കാര്യം. അത്തരത്തിലുള്ള ഒരു സർവ്വെ ചോദ്യാവലി തയ്യാറാക്കി, പഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും അഭിപ്രായമെടുത്തുകൊണ്ടിരിക്കുകയാണ് ഇപ്പോൾ 'പുതിയ കുഴൂർ' കൂട്ടായ്മ. പഞ്ചായത്തിൽ തന്നെയുള്ള കുടുംബശ്രീ-ആശ വർക്കർമാരുടെ സേവനം സർവ്വെക്കായി ഉപയോഗപ്പെടുത്തുന്നു. അത്തരത്തിൽ ലഭിക്കുന്ന കണക്കുകളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ പുതിയ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും നിലവിലെ പദ്ധതിരേഖ പുനർനിർമ്മാണ പ്രക്രിയകൾക്ക് പ്രാമുഖ്യം നൽകി നവീകരിക്കുന്നതിനും പഞ്ചായത്തിന് കഴിയൂ. അതിനായി പഞ്ചായത്തിനെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് വെള്ളപ്പൊക്ക കെടുതിയുടെ സാമൂഹ്യ-സാമ്പത്തിക ആഘാതത്തെക്കുറിച്ചുള്ള ഒരു വിശദകണക്കെടുപ്പ് നടത്തുന്നത്. ഓരോ വ്യക്തികളുടെയും സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക ജീവിതത്തിൽ പ്രളയം വരുത്തിവെച്ച ആഘാതങ്ങൾ വിലയിരുത്തി, കുഴൂരിന്റെ പ്രളയാനന്തര പുനർനിർമ്മാണത്തെ സംബന്ധിച്ച ഒരു പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാനാണ് കൂട്ടായ്മ ഉദ്ദേശിക്കുന്നത്.

കുഴൂരിൽ നടക്കുന്നത് ഒരു പരീക്ഷണം മാത്രമാണ്. ദുരന്തബാധിത പ്രദേശങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ എങ്ങനെയാകണം എന്നതിനെക്കുറിച്ച് വ്യക്തമായ രാഷ്ട്രീയം സംസാരിക്കുന്ന ഒരു പരീക്ഷണം. പുനർനിർമ്മാണം ജനപങ്കാളിത്തത്തോടെയാണ് ആസൂത്രണം ചെയ്യപ്പെടേണ്ടത് എന്നുറപ്പുള്ള ഒരു പരീക്ഷണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിൽ വ്യക്തമായ പങ്കുണ്ടെന്ന് ഉറച്ചുവിശ്വസിക്കുന്ന പരീക്ഷണം. കുഴൂരിൽ മാത്രമല്ല, കേരളത്തിലെവിടെയും ഇതുതന്നെയാണ് വേണ്ടതെന്ന് പറയുന്ന പരീക്ഷണം. കുഴൂരിനെ പകർത്തണമെന്നല്ല, പക്ഷെ അടിത്തട്ടിൽ നിന്നും തുടങ്ങുന്ന തിരുത്തലുകൾ മാത്രമായിരിക്കും സുസ്ഥിരമായതെന്ന് ഓർക്കുക. സർക്കാർതലത്തിലുള്ള പുനർനിർമ്മാണ പരിപാടികൾ വളരെ കേന്ദ്രീകൃതമായി മുന്നോട്ടുപോകുമ്പോഴും താഴെ നിന്നും മുകളിലേക്കും നമുക്ക് ചിലത് പറഞ്ഞുകൊണ്ടിരിക്കാം. നിരന്തരം തിരുത്തിക്കൊണ്ടിരിക്കാം. ■


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ

**വാർഷിക വരിസംഖ്യ (12 ലക്കം) :**

**ഇന്ത്യയിൽ : 300 രൂപ,**

**സ്ഥാപനങ്ങൾക്ക് : 600 രൂപ**

**വിദേശത്തേക്ക് : 1200 രൂപ.**

**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**

**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**

ഫോൺ : 0487 2421385, 9446586943

## കുഴൂരിന്റെ പ്രളയാനുഭവങ്ങൾ

പ്രളയാനന്തരം കുഴൂരിൽ വലിയ നാശനഷ്ടമുണ്ടായത് വീടുകൾക്കും കന്നുകാലികൾക്കുമാണ്. അതിജീവനത്തിനത്തിനായി ഏറെ പ്രയാസപ്പെടുന്നതും ഈ നഷ്ടം സംഭവിച്ചവരാണ്.

# ഇനി എന്നാണ് ഒരു വീടുണ്ടാക്കാൻ കഴിയുന്നത്?

കുട്ടപ്പൻ



**ആഗസ്റ്റ്** 14ന് ഉണ്ടായ കാലവർഷക്കെടുതി വല്ലാത്തൊരു അവസ്ഥയിലാണ് ഞങ്ങളെയെത്തിച്ചത്. അന്ന് ഉച്ചയ്ക്ക് ഒരുമണിയോടെ എനിക്കുമെന്റെ കുടുംബത്തിനും വീടുവിട്ടിറങ്ങേണ്ടി വന്നു. കുണ്ടൂർ യു.പി സ്കൂളിലെ ക്യാമ്പിലായിരുന്നു ഞങ്ങൾ. വെള്ളമിറങ്ങി നാല് ദിവസത്തിന് ശേഷം തിരിച്ചെത്തിയപ്പോഴാണ് വീട് പൂർണ്ണമായും തകർന്നുവീണ കാര്യം അറിയുന്നത്. ഏഴു ദിവസമാണ് വീടു നിന്നിരുന്ന ഭാഗത്ത് വെള്ളം തങ്ങിനിന്നത്. പെട്ടെന്ന് വെള്ളം കയറിവന്നതിനാൽ വീട്ടിലുണ്ടായിരുന്ന ഒരു സാധനവും എടുക്കാൻ കഴിഞ്ഞിരുന്നില്ല. പേരക്കുട്ടികളെയും മരുമകളെയും കൂട്ടി ബോട്ടിൽ രക്ഷപ്പെടുകയായിരുന്നു. ഇതുവരെയുള്ള എല്ലാ സമ്പാദ്യവും ഒരൊറ്റ മഴയിൽ ഇല്ലാതായത് കാണാനുള്ളത്രയും മനോബലമില്ലായിരുന്നു. വീടിനടുത്തുള്ള ഒരു ബന്ധുവിന്റെ വീട്ടിലേക്ക് പിന്നീട് ഞങ്ങൾ താമസം മാറി. വീട്ടിലുണ്ടായിരുന്ന എല്ലാ സാധനങ്ങളും നശിച്ചു. ചിലത് ഒലിച്ചുപോയി. തകർന്ന വീടിന്റെ അവശിഷ്ടങ്ങൾ വാരിക്കൂട്ടി ഒരു ഷെഡ് പണിയാനുള്ള ആലോചനയിലായിരുന്നു. അപ്പോഴാണ് ഒരു സന്നദ്ധസംഘത്തിന്റെ പിന്തുണയോടെ താത്കാലിക ഷെൽട്ടർ പണിയാമെന്ന് പഞ്ചായത്ത് പറയുന്നത്. സർക്കാർ പുതിയ വീട് പണിയും വരെ തത്കാലത്തേക്ക് ഇപ്പോഴുള്ള കുടിലിൽ താമസിക്കാം എന്നല്ലാതെ പുതിയ വീട് എപ്പോൾ ആകുമെന്നതു സംബന്ധിച്ച ഒരറിവുമില്ല. തത്കാലത്തേക്ക് ഒരു സംവിധാനമായി എന്നതിൽ ആശ്വാസമുണ്ടെങ്കിലും ബാക്കി കാര്യങ്ങളിൽ ആശങ്ക തുടരുകയാണ്. ■

# പശുക്കൾ ഒഴുകിപ്പോകുന്നത് വേദനയോടെ കണ്ടു

ഇന്ദു റോഷ്ന



**ആഗസ്റ്റ്** 14 ന് രാത്രി അപ്രതീക്ഷിത അളവിലാണ് വെള്ളം കയറിത്തുടങ്ങിയത്. വീടിന്റെ ഒന്നാംനില മുങ്ങി. പശുക്കളെല്ലാം താഴെ കിടന്ന് നിലവിളിക്കുന്നത് വീടിന്റെ മുകളിൽ നിന്നാണ് ഞങ്ങൾ കണ്ടത്. ഉടനെ തന്നെ എന്റെ ഭർത്താവ് എല്ലാ പശുക്കളെയും കെട്ടഴിച്ചുവിട്ടു. പശുക്കളെ മാറ്റിക്കെട്ടാനുള്ള മറ്റൊരിടം ഈ പ്രദേശത്തൊന്നുമുണ്ടായിരുന്നില്ല. അടുത്ത വീട്ടിലെ 18 പശുക്കളെയും തൊഴുത്തിൽ സ്ഥലമുള്ളതുകൊണ്ട് ഇവിടെയാണ് കെട്ടിയിരുന്നത്. ഞങ്ങളുടെ പശുക്കളുൾപ്പെടെ 43 പശുക്കളെയാണ് അന്ന് കെട്ടഴിച്ചുവിട്ടത്. ഒന്നിനെപോലും പിന്നീട് ജീവനോടെ കണ്ടില്ല. രണ്ട് മൂന്നെണ്ണം അപ്പുറത്തെ പറമ്പിൽ ചത്തുക്കിടക്കുന്നത് കണ്ടു. എല്ലാം നഷ്ടമായി. ആളുകളെത്തി ഞങ്ങളെ ബോട്ടിൽ രക്ഷപ്പെടുത്തിയിരുന്നു. ബന്ധുവീട്ടിലേക്ക് മാറിയെങ്കിലും കുറേ നാളത്തേക്ക് പ്രളയത്തിന്റെ നടുക്കം മാറുന്നുണ്ടായിരുന്നില്ല. നിലവിളിക്കുന്നതും ഒഴുകി പോകുന്നതുമായ പശുക്കളെ സ്വപ്നം കണ്ട് ഞെട്ടിയുണരുകയാണ്. ആകെയുള്ള വരുമാന സ്രോതസ്സായിരുന്നു. പാൽ ശേഖരിക്കുന്നത് കൂടാതെ അവയുപയോഗിച്ച് ചില ഉത്പന്നങ്ങൾ കൂടി ഉണ്ടാക്കുന്നുണ്ടായിരുന്നു. സിപ് അപ്, ഫ്രൂട്ട് സലാഡ്, പനീർ, നെയ്യ്, തൈര് എന്നിവയുടെ യൂണിറ്റും മെഷീനുകളും ഫ്രീസറുകളുമെല്ലാം വെള്ളം കയറി നശിച്ചു. ക്ഷീരവികസന വകുപ്പ് വന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ഇൻഷുറൻസ് ചെയ്ത പശുക്കൾക്കെങ്കിലും സഹായങ്ങൾ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പെട്ടെന്ന് ഇതെല്ലാം വീണ്ടും തുടങ്ങാനുള്ള ശേഷിയില്ല. സാവധാനത്തിൽ തിരിച്ചുപിടിക്കണം. ■